ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1095

# സൂറ - 36 / യാസീൻ

## സൂക്തം: 77 - 83

പ്രപഞ്ചത്തിലെ ഗ്രഹോപഗ്രഹങ്ങളെ അപേക്ഷിച്ച് വളരെ ചെറിയ സൃഷ്ടിയാണ് മനുഷ്യൻ. ഭൂമിയിലെ തന്നെ മലകളും മരങ്ങളും അവനേക്കാൾ വളരെ വലുതാണ്. ആയുസ്സിലാവട്ടെ കല്ല്, മണ്ണ്, ലോഹങ്ങൾ തുടങ്ങിയവ അവന്റെ എത്രയോ മുന്നിലാണ്. അമ്പതോ നൂറോ വർഷങ്ങൾ മാത്രമാണ് മനുഷ്യൻ ജീവിക്കുന്നത്. കല്ലും മണ്ണുമൊക്കെ ലോകാരംഭം മുതൽ അവസാനം വരെ നിലനിൽക്കുന്നു.

أَوَلَمْ يَرَ ٱلْإِنسَٰنُ أَنَّا خَلَقْنَٰهُ مِن نُّطْفَةٍ فَإِذَا هُوَ خَصِيمٌ مُّبِينٌ ﴿٧٧﴾

77. മനുഷ്യൻ ആലോചിക്കുന്നില്ലയോ; നാം എങ്ങനെ ഒരു രേതസ്കണത്തിൽനിന്ന് അവനെ സൃഷ്ടിച്ചിരിക്കുന്നുവെന്ന്? എന്നിട്ടതാ അവൻ തുറന്ന പ്രതിയോഗിയായി വന്നിരിക്കുന്നു.

وَضَرَبَ لَنَا مَثَلًا وَنَسِىَ خَلْقَهُۥ ۖ قَالَ مَن يُحْىِ ٱلْعِظَٰمَ وَهِىَ رَمِيمٌ ﴿٧٨﴾

78. നമുക്കവൻ ഉദാഹരണം ചമച്ചിരിക്കുന്നു; സ്വന്തം സൃഷ്ടിയെ തീരെ മറന്നുകൊണ്ട് അവൻ ചോദിക്കുന്നു: നുരുമ്പിപ്പൊടിഞ്ഞ ഈ അസ്ഥികളെ ആരു ജീവിപ്പിക്കാൻ?

**77,78**

أَوَلَمْ يَرَ الْإِنسَانُ= മനുഷ്യൻ കണ്ടിട്ടില്ലേ(ആലോചിക്കുന്നില്ലേ)
أَنَّا خَلَقْنَاهُ= നാം അവനെ എങ്ങനെ സൃഷ്ടിച്ചിരിക്കുന്നു(വെന്ന്)
مِن نُّطْفَةٍ= ഒരു രേതസ്കണത്തിൽനിന്ന് فَإِذَا هُوَ = അപ്പോൾ (എന്നിട്ട്) അതാ അവൻ
خَصِيمٌ مُّبِينٌ= തുറന്ന പ്രതിയോഗിയാകുന്നു(യി വന്നിരിക്കുന്നു)
وَضَرَبَ لَنَا مَثَلًا = അവൻ നമുക്ക് ഉദാഹരണം ചമച്ചിരിക്കുന്നു, നമ്മോട് ന്യായം പറയുന്നു, കളിയാക്കുന്നു
وَنَسِيَ= അവൻ (തീരെ) മറന്നുകൊണ്ട് خَلْقَهُ = അവന്റെ (സ്വന്തം) സൃഷ്ടിയെ
قَالَ= അവൻ പറഞ്ഞു (ചോദിക്കുന്നു) مَن يُحْيِي= ആരു ജീവിപ്പിക്കും (പ്പിക്കാൻ)
الْعِظَامَ= ഈ അസ്ഥികളെ وَهِيَ رَمِيمٌ= അത് നുരുമ്പിപ്പൊടിഞ്ഞിരിക്കെ (നുരുമ്പിപ്പൊടിഞ്ഞ)

വിശദീകരണാർഥം ഉദാഹരണമവതരിപ്പിക്കലും വാദം സ്ഥാപിക്കാൻ ന്യായം നിരത്തലുമാണ് ضرب المثل. ചിലപ്പോൾ കളിയാക്കുക, ഫലിതം പറയുക എന്ന അർഥത്തിലും ഉപയോഗിക്കും. ഇവിടെ പരാമർശിക്കുന്ന ضرب المثل ഈ മൂന്നർഥത്തിലും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. മൂന്നു വ്യാഖ്യാനങ്ങളും സന്ദർഭവുമായി ഇണങ്ങുന്നതാണ്. 'അവർ'

എന്നത് നേരിട്ടു സൂചിപ്പിക്കുന്നത് ഖുറൈശികളെയാണ്. അവരെ മുന്നിൽ നിർത്തി ലോകത്തെങ്ങും എക്കാലത്തും പരലോക നിഷേധികൾ ഉന്നയിച്ചുകൊണ്ടിരിക്കുന്ന മുഖ്യ ചോദ്യത്തെ അഭിമുഖീകരിക്കുകയാണ്. ഈ സൂക്തങ്ങളുടെ അവതരണ പശ്ചാത്തലമായി ഒരു സംഭവം ഉദ്ധരിക്കപ്പെടുന്നുണ്ട്.

ഉബയ്യു ബ്നു ഖലഫിൽ ജുമഹി എന്ന ഒരാൾ നബി(സ)യുടെ മുന്നിൽ ഒരു നുരുമ്പിച്ച അസ്ഥിയുമായി വന്നു. അയാൾ ആ അസ്ഥി കൈയിലിട്ട് ഞെരിച്ച് പൊടിച്ചിട്ട് ചോദിച്ചു: ''ഹേ മുഹമ്മദ്, ഇങ്ങനെ നുരുമ്പിപ്പൊടിഞ്ഞ ശേഷം ഇതിനെ അല്ലാഹു പുനരുജ്ജീവിപ്പിക്കുമെന്നാണോ നീ പറയുന്നത്?'' നബി(സ) പറഞ്ഞു: ''അതേ, അല്ലാഹു ഇതിനെ ഉയിർത്തെഴുന്നേൽപിക്കും. അവൻ നിങ്ങളെ മരിപ്പിക്കുന്നു. പിന്നെ ജീവിപ്പിക്കുന്നു. പിന്നെ നരകത്തിലേക്കയക്കുന്നു.'' അപ്പോഴാണ് ഈ സൂക്തങ്ങളവതരിച്ചത്.

പ്രതിയോഗികളുടെ ഇത്തരം ചോദ്യങ്ങളും പ്രവാചകന് മനഃക്ലേശമുണ്ടാക്കുന്ന കാര്യങ്ങളിൽ പെട്ടതായിരുന്നതുകൊണ്ടാകാം അദ്ദേഹത്തെ സാന്ത്വനപ്പെടുത്തുന്ന വചനത്തോട് ഈ സൂക്തത്തെ ചേർത്തുവെച്ചത്. സൂക്തത്തിന്റെ പ്രമേയപരമായ ബന്ധം നേരത്തേ ചർച്ച ചെയ്യപ്പെട്ട 48-ാം സൂക്തവുമായിട്ടാണ്. പരലോകത്തെയും ഉയിർത്തെഴുന്നേൽപിനെയും നിഷേധിക്കുന്നവരോട് അല്ലാഹു ചോദിക്കുന്നു:

മനുഷ്യൻ താൻ സൃഷ്ടിക്കപ്പെട്ടതെങ്ങനെ എന്ന് ചിന്തിക്കാത്തതെന്തേ? കേവലം ഒരു രേതസ്കണത്തിൽ നിന്നാണ് താൻ ഇന്നിങ്ങനെ ചോദ്യങ്ങളുന്നയിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന, കഴിവും കരുത്തുമുള്ള മനുഷ്യനായിത്തീർന്നതെന്ന് അവന്നറിയാമല്ലോ. തന്നെ ഈ വിധം വാർത്തെടുത്തത് ദൈവമാണെന്നും അവനറിയാം. എങ്കിൽ ആ ദൈവത്തോട് കൂറും നന്ദിയുമുള്ളവനായി വാഴുകയാണല്ലോ അവന്റെ ബാധ്യത. പക്ഷേ സൃഷ്ടിക്കപ്പെട്ട് കഴിവും കരുത്തും നേടി കഴിഞ്ഞപ്പോഴതാ അവൻ ദൈവത്തിന്റെ തുറന്ന പ്രതിയോഗിയായി മുന്നോട്ടുവരുന്നു. പ്രതീക്ഷിക്കാത്തത് ആകസ്മികമായി സംഭവിക്കുന്നതിനെ സൂചിപ്പിക്കുന്നതാണ് إِذَا هُوَ എന്ന പ്രയോഗം. മൂലത്തിലെ خَصِيمٌ, അത്യുത്തമ വാചി -مبالغة- ആണ്. സാമാന്യ പാഠം خَصْم . കേസ്, തർക്കം, വഴക്ക് തുടങ്ങിയവയിലെ കക്ഷിയും പ്രതിയോഗിയുമാണിത്. എതിർ കക്ഷിയെ തോൽപിക്കുന്നതിന് خَصَمَ എന്നു പറയും. പരസ്പരം തർക്കിക്കുന്നതിനും കേസ് നടത്തുന്നതിനും വഴക്കടിക്കുന്നതിനുമൊക്കെ تخاصم എന്നും. തർക്കവും വഴക്കും خُصُومة ആകുന്നു. മനുഷ്യൻ തന്റെ സൃഷ്ടിയെക്കുറിച്ച് ആലോചിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ദൈവത്തിന്റെ പ്രതിയോഗിയായി രംഗത്തു വരില്ലായിരുന്നു എന്നാണ് ധ്വനി.

ദൈവത്തിന്റെ പ്രതിയോഗിയായി വരുന്നവൻ ദൈവത്തെ മനുഷ്യരോട് ഉപമിക്കുകയാണ്. മനുഷ്യർക്ക് അസാധ്യമായതൊക്കെ ദൈവത്തിനും അസാധ്യമാണെന്നാണവൻ പറയുന്നത്. ദൈവത്തെ മനുഷ്യരോടോ മറിച്ചോ ഉദാഹരിക്കുന്നതുതന്നെ മഹാ അബദ്ധമാകുന്നു. ദൈവം പദാർഥാതീതനാണ്. അവനെപ്പോലെ യാതൊന്നുമില്ല. രണ്ടു വസ്തുക്കൾ തമ്മിലുള്ള സാദൃശ്യം കണ്ടെത്തി ഉപമാനത്തിനും ഉപമേയത്തിനും ഒരേ വിധി നൽകലാണല്ലോ ഉദാഹരിക്കൽ. പദാർഥാതീതനും അസദൃശ്യനുമായ ദൈവത്തെ ഭൗതിക മനുഷ്യനോട് ഉപമിക്കുകയെന്നാൽ അവനെ പദാർഥാശ്രിതനും, മറ്റു പലതിനോടും സാദൃശ്യം വഹിക്കുന്നവനുമായി ഇകഴ്ത്തലാകുന്നു. ഈ ഉപമിക്കൽ പിന്നീട് ബഹുദൈവ സങ്കൽപത്തിലേക്കും വിഗ്രഹ നിർമിതിയിലേക്കും വികസിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന് ഉദാഹരണങ്ങൾ ചമക്കുന്നതിനെ ഖുർആൻ കർശനമായി നിരോധിച്ചിരിക്കുന്നു:

فَلَا تَضْرِبُوا لِلَّهِ الْأَمْثَالَ إِنَّ اللَّهَ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ

(അല്ലാഹുവിന് ഉദാഹരണങ്ങൾ ചമക്കാതിരിക്കുവിൻ. അല്ലാഹു അറിയുന്നു. നിങ്ങളോ അറിയുന്നില്ല- 16:74).

وَضَرَبَ لَنَا مَثَلًا എന്ന വാക്കിനെ നമ്മോടവൻ ന്യായം പറയുന്നു എന്ന അർഥത്തിലെടുക്കുമ്പോൾ, അല്ലാഹുവാണ് കേവലം ഒരു രേതസ്കരണത്തിൽനിന്ന് തന്നെ സൃഷ്ടിച്ചു വളർത്തി ഈ അവസ്ഥയിലെത്തിച്ചതെന്ന യാഥാർഥ്യം വിസ്മരിച്ചുകൊണ്ടാണ് അവൻ നമ്മോട് ന്യായം പറയാൻ വരുന്നതെന്നാകുന്നു താൽപര്യം. പരിഹാസം, നർമം എന്ന അർഥത്തിലെടുക്കുമ്പോൾ, താൻ എങ്ങനെ സൃഷ്ടിക്കപ്പെട്ടു എന്നോർക്കാതെ മരിച്ചവരെ പുനരുജ്ജീവിപ്പിക്കാൻ ദൈവത്തിനും കഴിയില്ലെന്നും ഉയിർത്തെഴുന്നേൽപ് ഒരിക്കലും നടക്കാൻ പോകുന്നില്ലെന്നും ദൈവത്തെ കളിയാക്കുകയാണവൻ എന്നാകുന്നു ആശയം. نَسِيَ خَلْقَهُ എന്ന വാക്ക് സൂചിപ്പിക്കുന്നത്, സ്വന്തം ജന്മത്തെയും നിലനിൽപിനെയും കുറിച്ച് ആഴത്തിൽ ആലോചിക്കാത്തവരാണ് പുനർജീവിതത്തെ നിഷേധിച്ചുകൊണ്ട് ഇത്തരം മൂഢമായ ചോദ്യങ്ങളുന്നയിക്കുക എന്നാണ്. خَلْقَهُ എന്നു പറഞ്ഞത് സൃഷ്ടിയുടെ ആരംഭത്തെക്കുറിച്ചാണ് എന്നും അഭിപ്രായമുണ്ട്. അതായത്, ദൈവം വെറും മണ്ണിൽനിന്ന് ഉളവാക്കി മനുഷ്യനെ ഈ നിലയിലെത്തിച്ചിരിക്കുന്നു എന്നോർക്കുന്നവർക്ക് ഇത്തരം ചോദ്യങ്ങളുമായി എഴുന്നേൽക്കാൻ കഴിയില്ല. കഴിയുന്നുവെങ്കിൽ അതിനർഥം അവൻ ദൈവത്തിന്റെ എതിർകക്ഷിയും പ്രതിയോഗിയുമായി പുറപ്പെട്ടിരിക്കുന്നുവെന്നാകുന്നു. ●

---

قُلْ يُحْيِيهَا الَّذِي أَنشَأَهَا أَوَّلَ مَرَّةٍ ۖ وَهُوَ بِكُلِّ خَلْقٍ عَلِيمٌ ﴿٧٩﴾

79. അവനോട് പറയുക: അതിനെ ആദ്യ തവണ സൃഷ്ടിച്ചതാരാണോ അവൻ തന്നെ പുനരുജ്ജീവിപ്പിക്കും. സകലവിധ സൃഷ്ടിയും ഏറ്റം അറിയുന്നവനാണവൻ.

**79**

قُلْ = നീ (അവരോട്) പറയുക يُحْيِيهَا = അതിനെ (പുനർ) ജീവിപ്പിക്കും

الَّذِي أَنشَأَهَا أَوَّلَ مَرَّةٍ = ആദ്യതവണ അതിനെ ഉണ്ടാക്കിയവൻ (സൃഷ്ടിച്ചതാരാണോ അവൻ തന്നെ)

وَهُوَ بِكُلِّ خَلْقٍ عَلِيمٌ = സകല സൃഷ്ടിയും ഏറ്റം അറിയുന്നവനാണവൻ

ദ്രവിച്ചുപോയ അസ്ഥികൾ ആരു പുനരുജ്ജീവിപ്പിക്കാൻ എന്ന് പരലോക നിഷേധികൾ ചോദിച്ചത്, അതൊരിക്കലും നടക്കാത്ത കാര്യം എന്ന നിഷേധാർഥത്തിലാണ്. എന്നാൽ അവരുടെ ഉദ്ദേശ്യത്തെ അവഗണിച്ചുകൊണ്ട് ഖുർആൻ അതിനെ അറിയാനുള്ള താൽപര്യ പ്രകടനമായി കണക്കിലെടുത്ത് വ്യക്തവും സരളവുമായ മറുപടി നൽകുകയാണ്: ആരാണോ ഈ അസ്ഥികളെ ആദ്യം സൃഷ്ടിച്ചത് അവൻ തന്നെ പുനഃസൃഷ്ടിക്കും. ഒരു വസ്തു ആദ്യം ഉണ്ടാക്കാനാണല്ലോ പ്രയാസം. ഒഴിഞ്ഞ സ്ഥലത്ത് ഒരു വീട് ഉണ്ടാക്കുന്നതിനേക്കാൾ എളുപ്പമാണ് തകർന്നു കിടക്കുന്ന വീടിന്റെ പുനർനിർമാണം. പദാർഥ പരിധിയിൽ പുനഃസൃഷ്ടി മനുഷ്യർക്കു പോലും സാധ്യമാകുന്നു. അല്ലാഹു പദാർഥങ്ങളുടെയും സ്രഷ്ടാവാണ്. ആ പദാർഥങ്ങളാണ് മനുഷ്യർ നശിപ്പിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്നത്. അല്ലാഹു സൃഷ്ടിക്കുന്നത് പൂർണമായ ഇല്ലായ്മയിൽനിന്നാണ്. അല്ലാഹു സൃഷ്ടിച്ച അസംസ്കൃത വസ്തുക്കളും അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിച്ചേ മനുഷ്യന് വല്ലതും സൃഷ്ടിക്കാനാവൂ. ഇല്ലായ്മയിൽനിന്ന് നിഷ്പ്രയാസം മനുഷ്യനെ സൃഷ്ടിച്ച അല്ലാഹുവിന് ആ മനുഷ്യൻ മരിച്ചുകഴിഞ്ഞാൽ വീണ്ടും സൃഷ്ടിക്കുക അസാധ്യമാകുന്നതെങ്ങനെയാണ്? സുവ്യക്തമായ ഈ മറുപടി ഖുർആൻ പല ശൈലിയിൽ ആവർത്തിക്കുന്നുണ്ട്. سَيَقُولُونَ مَن يُعِيدُنَا ۖ قُلِ الَّذِي فَطَرَكُمْ أَوَّلَ مَرَّةٍ (അവർ തീർച്ചയായും ചോദിക്കുന്നുണ്ട്: ആരാണ് ഞങ്ങളെ ജീവിതത്തിലേക്ക് മടക്കുക? പ്രവാചകൻ പറയുക: ആരാണോ നിങ്ങളെ ആദ്യ തവണ സൃഷ്ടിച്ചത് അവൻ തന്നെ-17:51). وَلَقَدْ عَلِمْتُمُ النَّشْأَةَ الْأُولَىٰ فَلَوْلَا تَذَكَّرُونَ (ആദ്യ സൃഷ്ടിയെക്കുറിച്ച് നിങ്ങൾക്കറിയാമല്ലോ. എന്നിട്ട് ഉദ്ബുദ്ധരാകാത്തതെന്ത്?-56:62). وَهُوَ الَّذِي يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ وَهُوَ أَهْوَنُ عَلَيْهِ (ആദിയിൽ സൃഷ്ടിക്കുന്നത് അവനാകുന്നു. പിന്നെ അവൻ തന്നെ അത് പുനഃസൃഷ്ടിക്കുന്നു. അത് അവന് അതീവ ലളിതമാകുന്നു- 30:27).

വസ്തുക്കളെ ഇല്ലായ്മയിൽനിന്ന് സൃഷ്ടിച്ചെടുക്കാനും ഉണ്ടായിരുന്നതിനെ പുനഃസൃഷ്ടിക്കാനും ഒരു സൃഷ്ടിയെ മറ്റൊരു സൃഷ്ടിയാക്കി മാറ്റാനും മാറ്റിയതിനെ വീണ്ടും ആദ്യത്തേതിലേക്ക് മടക്കാനും എല്ലാം അവന് നല്ലവണ്ണം അറിയാം എന്നാണ് وَهُوَ بِكُلِّ خَلْقٍ عَلِيمٌ എന്ന വാക്യത്തിന്റെ താൽപര്യം. വിളകൾ അവൻ വിത്തിൽനിന്ന് സൃഷ്ടിക്കുന്നു. ജീവജാലങ്ങളെ പുരുഷ ബീജത്തിൽനിന്നും സ്ത്രീയുടെ അണ്ഡത്തിൽനിന്നും സൃഷ്ടിക്കുന്നു. ചില സസ്യങ്ങളെ വേരുകളിൽനിന്ന് പുനഃസൃഷ്ടിക്കുമ്പോൾ മറ്റു ചിലതിനെ ഒടിഞ്ഞുവീണ കമ്പിൽനിന്ന് വളർത്തുന്നു. ഇതൊക്കെ കാണുന്ന മനുഷ്യൻ മരിച്ചുകഴിഞ്ഞാൽ തന്നെ പുനരുജ്ജീവിപ്പിക്കാൻ അല്ലാഹുവിന് കഴിയുമെന്ന സത്യം നിഷേധിക്കാൻ ധൃഷ്ടനാകുന്നതെന്തുകൊണ്ടാണ്?

ഈ സൂക്തത്തിലെ خلق (സൃഷ്ടി) കൊണ്ടുദ്ദേശ്യം مخلوق (സൃഷ്ടിക്കപ്പെട്ടത്) ആണ് എന്നും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. തന്റെ സർവ സൃഷ്ടികളെക്കുറിച്ചും അവന് കൃത്യമായ അറിവുണ്ട് എന്നു സാരം. أَلَا يَعْلَمُ مَنْ خَلَقَ (താൻ സൃഷ്ടിച്ചവരെ അവൻ അറിയുന്നില്ലെന്നോ? 67:14) എന്ന വാക്യത്തിനു സമാനമാണിത്. അതായത് മണ്ണിൽനിന്ന് മനുഷ്യരെയും ഇതര സൃഷ്ടികളെയും സൃഷ്ടിച്ചുവിട്ട ശേഷം അവൻ അവരെയെല്ലാം മറന്നുകളഞ്ഞിരിക്കുന്നു എന്ന് ആരും തെറ്റിദ്ധരിക്കേണ്ട. അവരുടെ അസ്തിത്വത്തിന്റെ ഓരോ കോശത്തെക്കുറിച്ചും അവൻ സദാ ബോധവാനാണ്. قَدْ عَلِمْنَا مَا تَنقُصُ الْأَرْضُ مِنْهُمْ ۖ وَعِندَنَا كِتَابٌ حَفِيظٌ (ഭൂമി അവരിൽനിന്ന് കിഴിച്ചുകൊണ്ടിരിക്കുന്നത് തീർച്ചയായും നാം അറിയുന്നുണ്ട്. നമ്മുടെ പക്കൽ എല്ലാം രേഖപ്പെടുത്തി സൂക്ഷിക്കുന്ന ഒരു പുസ്തകമുണ്ട്- 50:4).

ഈ സൂക്തത്തിന്റെ ചർച്ചയിൽ ഫുഖഹാക്കൾ ഉന്നയിച്ച ഒരു പ്രശ്നമുണ്ട്: അസ്ഥികളെ ജീവിപ്പിക്കും-يُحْيِي الْعِظَامَ- എന്നാണല്ലോ സൂക്തം പറയുന്നത്. ജന്തുക്കളുടെ അസ്ഥികളും ജീവൻ ധരിക്കുന്നുണ്ട് എന്നാണതിനർഥം. അവ മരക്കഷ്ണമോ ലോഹക്കഷ്ണമോ പോലെയല്ല. ഇമാം മാലികും അബൂ ഹനീഫയും ഇങ്ങനെ സിദ്ധാന്തിച്ചിരിക്കുന്നു: അതിനാൽ അറുക്കപ്പെടാതെ ചത്തുപോയ ജന്തുക്കളുടെ അസ്ഥികൾ മാലിന്യം (نجس) ആകുന്നു. അസ്ഥികൾ ജീവൻ ധരിക്കുന്നില്ല, അതിനാൽ മാലിന്യമാകുന്നില്ല എന്നാണ് ഇമാം ശാഫിഈയുടെ നിലപാട്. അസ്ഥികൾക്ക് ജീവനും സംവേദനവുമുണ്ടെന്ന് ശരീരശാസ്ത്രകാരന്മാർ സ്ഥിരപ്പെടുത്തിയിട്ടുള്ളത് അംഗീകരിക്കണമെന്നാണ് ഇബ്നുൽ അറബി പറയുന്നത്. ഈ തർക്കത്തിൽ വലിയ കാര്യമുള്ളതായി തോന്നുന്നില്ല. كلّ يابس طاهر -ഉണങ്ങിയതെല്ലാം ശുദ്ധമാണ് എന്നൊരു കർമശാസ്ത്ര തത്ത്വമുണ്ട്. ഇതനുസരിച്ച് ഈർപ്പമോ ദുർനീരോ ദുർഗന്ധമോ ഇല്ലാത്ത വസ്തുക്കൾ -അറുത്തതോ ചത്തതോ ആയ ജന്തുക്കളുടെ എല്ലും പല്ലുമായാലും- മനുഷ്യന് പ്രയോജനമുണ്ടെങ്കിൽ ഉപയോഗിക്കാം. ●

---

ٱلَّذِى جَعَلَ لَكُم مِّنَ ٱلشَّجَرِ ٱلْأَخْضَرِ نَارًا فَإِذَآ أَنتُم مِّنْهُ تُوقِدُونَ ﴿٨٠﴾

80. പച്ചമരത്തിൽനിന്ന് നിങ്ങൾക്ക് തീ ഉണ്ടാക്കിത്തരുന്നവൻ. എന്നിട്ടതിൽനിന്നിതാ നിങ്ങൾ അതുകൊണ്ട് തീ കത്തിക്കുന്നു.

**80**

الَّذِي جَعَلَ لَكُم= നിങ്ങൾക്ക് ഉണ്ടാക്കിത്ത(രു)ന്നവൻ مِّنَ الشَّجَرِ الْأَخْضَرِ = പച്ചമരത്തിൽനിന്ന്
نَارًا = തീ فَإِذَا أَنتُم = എന്നിട്ട് നിങ്ങളിതാ مِّنْهُ تُوقِدُونَ= അതിൽനിന്ന് (അതുകൊണ്ട്) തീ കത്തിക്കുന്നു

അതായത് കത്തിയെരിഞ്ഞ് ചാരമായിത്തീർന്നതിലും മരിച്ചു മണ്ണായിത്തീർന്നതിലും ജീവൻ ഉളവാക്കുക അസാധ്യമായ കാര്യമാണെന്ന് കരുതേണ്ട. ഒരു വസ്തുവിൽനിന്ന് അതിനു നേരെ വിരുദ്ധമായതിനെ ഉളവാക്കുന്ന പ്രതിഭാസം നിങ്ങൾ സ്വന്തം കണ്ണുകൊണ്ട് കാണുന്നുണ്ടല്ലോ. شَجَرَ الْأَخْضَرِ -പച്ച മരം- എന്നു വ്യവഹരിച്ചിരിക്കുന്നത്,

അറേബ്യൻ നാടുകളിൽ കാണപ്പെട്ടിരുന്ന മർഖ്, ഇഫാർ (المرخ والعفار) എന്നീ വൃക്ഷങ്ങളെയാണെന്ന് വ്യാഖ്യാതാക്കൾ വ്യക്തമാക്കിയിരിക്കുന്നു. രണ്ടും പച്ചപ്പും ഈർപ്പവുമുള്ള മരങ്ങളാണ്. രണ്ടിന്റെയും ചില്ല ഒടിച്ചുനോക്കിയാൽ വെള്ളം ഉറ്റുന്നതു കാണാം. രണ്ടിന്റെയും ഓരോ ചില്ലയെടുത്ത് പരസ്പരം ഉരസിയാൽ തീ പാറും. പൂർവകാലത്ത് അറബികൾ-വിശേഷിച്ചും സഞ്ചാരികൾ- തീകത്തിക്കാൻ ഇത് ഉപയോഗിക്കാറുണ്ടായിരുന്നു. ഇന്ന് ഈ രണ്ട് വൃക്ഷവും കാണപ്പെടുന്നില്ല. ജനദൃഷ്ടിയിൽ പെടാതെ എവിടെയെങ്കിലുമൊക്കെ നിലനിൽക്കുന്നുണ്ടാവാം. ഒരുപക്ഷേ തീരെ കുറ്റിയറ്റു പോയിട്ടുമുണ്ടാവാം. ലോകത്ത് എത്രയോ സസ്യങ്ങളും ജീവികളും തീരെ നശിച്ചുപോവുകയും പുതിയ പുതിയ സസ്യങ്ങളും ജീവികളും പ്രത്യക്ഷപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ടല്ലോ. ഖുർആന്റെ പ്രഥമ സംബോധിതർക്ക് ഈ വൃക്ഷങ്ങൾ സുപരിചിതമായിരുന്നതിനാലാണ് അവയെ തെളിവായുന്നയിച്ചത്. ഒരു വസ്തുവിൽനിന്ന് അതിന്റെ വിപരീതം ഉളവാകുമെന്നതിന് ഈ ലോകത്തുതന്നെ നിരവധി സാക്ഷ്യങ്ങളുണ്ടെന്ന് ഉണർത്തുകയാണീ വാക്യം. പെട്ടെന്ന് ആളിക്കത്തുന്ന ഇന്ധനങ്ങളെല്ലാം ദ്രാവകങ്ങളാണല്ലോ. വെള്ളത്തിലാണ് ഏറെ തീയുള്ളത്. ●

---

أَوَلَيْسَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ بِقَـٰدِرٍ عَلَىٰٓ أَن يَخْلُقَ مِثْلَهُم ۚ بَلَىٰ وَهُوَ ٱلْخَلَّـٰقُ ٱلْعَلِيمُ ﴿٨١﴾

81. വാന-ഭുവനങ്ങളെ സൃഷ്ടിച്ചിട്ടുള്ളവൻ നിങ്ങളെപ്പോലുള്ളതിനെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലെന്നോ?! ഒരിക്കലും അങ്ങനെയല്ല. എന്തും ഏറ്റം നന്നായി സൃഷ്ടിക്കാൻ കഴിവുള്ള സർവജ്ഞൻ തന്നെയാണവൻ.

**81**

أَوَلَيْسَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ = വാന-ഭുവനങ്ങളെ സൃഷ്ടിച്ചിട്ടുള്ളവൻ അല്ലെന്നോ
بِقَادِرٍ = കഴിവുള്ളവൻ عَلَىٰ أَن يَخْلُقَ = സൃഷ്ടിക്കലിന്മേൽ (സൃഷ്ടിക്കാൻ)
مِثْلَهُمْ = (ഒരിക്കലും അങ്ങനെ) അല്ല = بَلَىٰ അവരെപ്പോലുള്ളതിനെ(ള്ളവരെ)
وَهُوَ الْخَلَّاقُ الْعَلِيمُ = (എന്തും) ഏറ്റം നന്നായി സൃഷ്ടിക്കുന്ന (ഷ്ടിക്കാൻ കഴിവുള്ള) സർവജ്ഞൻ തന്നെയാണവൻ

ഉയിർത്തെഴുന്നേൽപിന്റെ സാധ്യതയെ മറ്റൊരു വിധത്തിൽകൂടി സ്ഥാപിക്കുകയാണീ സൂക്തം. വാന ഭുവനങ്ങളെ -പ്രപഞ്ച സാകല്യത്തെ സൃഷ്ടിച്ചു നില നിർത്താൻ ഒരു പ്രയാസവും പ്രതിബന്ധവും നേരിടാത്ത ദൈവം, അവരെ-മനുഷ്യരെ-പ്പോലുള്ള ചെറു സൃഷ്ടികളെ ഒരിക്കൽ സൃഷ്ടിച്ചു മരിപ്പിച്ച ശേഷം പുനഃസൃഷ്ടിക്കാൻ കഴിവുള്ളവനല്ലെന്നോ എന്നാണ് ചോദ്യം. നിഷേധത്തിന്റെ നിഷേധത്തെക്കുറിക്കുന്ന പദമാണ് بَلَىٰ. അവൻ അതിനു കഴിവുള്ളവനല്ലാതിരിക്കുക ഒരിക്കലും സാധ്യമല്ലെന്നു സാരം. എന്തുകൊണ്ടെന്നാൽ എന്തും ഏറ്റം അധികമായും നന്നായും സൃഷ്ടിക്കുന്ന സർവജ്ഞനാണവൻ. خالق (സ്രഷ്ടാവ്)ന്റെ അത്യുത്തമ വാചി -مبالغة- യാണ് خَلَّاقُ. മുൻ സൂക്തത്തിലെ وَهُوَ بِكُلِّ خَلْقٍ عَلِيمٌ എന്ന വാക്യത്തിന്റെ ആശയത്തെ വീണ്ടും ഊന്നിപ്പറഞ്ഞിരിക്കുകയാണിത്.

പ്രപഞ്ചത്തിലെ ഗ്രഹോപഗ്രഹങ്ങളെ അപേക്ഷിച്ച് വളരെ ചെറിയ സൃഷ്ടിയാണ് മനുഷ്യൻ. ഭൂമിയിലെ തന്നെ മലകളും മരങ്ങളും അവനേക്കാൾ വളരെ വലുതാണ്. ആയുസ്സിലാവട്ടെ കല്ല്, മണ്ണ്, ലോഹങ്ങൾ തുടങ്ങിയവ അവന്റെ എത്രയോ മുന്നിലാണ്. അമ്പതോ നൂറോ വർഷങ്ങൾ മാത്രമാണ് മനുഷ്യൻ ജീവിക്കുന്നത്. കല്ലും മണ്ണുമൊക്കെ ലോകാരംഭം മുതൽ അവസാനം വരെ നിലനിൽക്കുന്നു. യുഗയുഗാന്തരങ്ങളായി കൃത്യമായ വ്യവസ്ഥയോടെ ചരിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളെയും ക്ഷീരപഥങ്ങളെയും സൃഷ്ടിച്ച അല്ലാഹുവിന് ഭൂമിയിലെ കൊച്ചു മനുഷ്യനെ സൃഷ്ടിക്കാൻ ഒട്ടും ക്ലേശിക്കേണ്ടതില്ല.

أَوَلَمْ يَرَوْا أَنَّ اللَّهَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ وَلَمْ يَعْيَ بِخَلْقِهِنَّ بِقَادِرٍ عَلَىٰ أَن يُحْيِيَ الْمَوْتَىٰ

(ആകാശഭൂമികളെ സൃഷ്ടിച്ചവനും അവയുടെ സൃഷ്ടികർമത്താൽ ക്ഷീണിച്ചിട്ടില്ലാത്തവനുമായ അല്ലാഹുവിന് മരിച്ചവരെ ജീവിപ്പിക്കാനും കഴിയുമെന്ന് അവർ മനസ്സിലാക്കുന്നില്ലയോ?-46:33).

لَخَلْقُ السَّمَاوَاتِ وَالْأَرْضِ أَكْبَرُ مِنْ خَلْقِ النَّاسِ

(വാനലോകവും ഭൂലോകവും സൃഷ്ടിക്കുന്നത് തന്നെയാണ് മനുഷ്യനെ സൃഷ്ടിക്കുന്നതിനേക്കാൾ വലിയ കാര്യം-40:57).

يَخْلُقَ مِثْلَهُمْ-അവരെപ്പോലുള്ളവരെ സൃഷ്ടിക്കുക എന്നതിലെ 'അവർ' സൂചിപ്പിക്കുന്നത് നേരത്തേ ദ്രവിച്ച അസ്ഥികളെ ആരു പുനഃസൃഷ്ടിക്കാൻ എന്നു ചോദിച്ചവരെയും സമാന ചിന്താഗതിക്കാരെയുമാണ്. അവരുടെ ഇപ്പോഴത്തേതുപോലുള്ള രൂപത്തിൽ എന്നും വിവക്ഷയാകാം. അതായത് ഓരോ വ്യക്തിയെയും ഈ ലോകത്ത് അയാൾക്കുണ്ടായിരുന്ന ഉയരത്തിലും വണ്ണത്തിലും ആകാരത്തിലും നിറത്തിലും അവയവ ഘടനയിലും തന്നെ പുനഃസൃഷ്ടിക്കാൻ തികഞ്ഞ കഴിവുള്ളവനാണ് അല്ലാഹു. ●

---

إِنَّمَآ أَمْرُهُۥٓ إِذَآ أَرَادَ شَيْـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ ﴿٨٢﴾

82. അവന്റെ കാര്യം; ഒരു സംഭവം ഉദ്ദേശിച്ചാൽ അതുണ്ടാവട്ടെ എന്നു കൽപിക്കുകയേ വേണ്ടൂ; ഉടനെ അതുണ്ടാകുന്നു.

**82**

إِنَّمَا أَمْرُهُ= അവന്റെ കാര്യം, പ്രതാപം, കല്‍പന إِذَا أَرَادَ شَيْئًا = അവന്‍ ഒരു വസ്തു(സംഭവം) ഉദ്ദേശിച്ചാല്‍
أَن يَقُولَ لَهُ= അതിനോട് പറയല്‍ മാത്രം (കല്‍പിക്കുകയേ വേണ്ടൂ)
كُن = നീ ഉണ്ടാവുക (അത് ഉണ്ടാകട്ടെ എന്ന്) فَيَكُونُ= അപ്പോള്‍ (ഉടനെ) അത് ഉണ്ടാകുന്നു

അല്ലാഹുവിന്റെ സൃഷ്ടിശക്തി സമര്‍ഥിച്ചുകൊണ്ട് അവതരിപ്പിച്ച വാദങ്ങളുടെ സാരസംഗ്രഹമാണിത്. മനുഷ്യര്‍ വല്ലതും നിര്‍മിക്കാനുദ്ദേശിച്ചാല്‍ അതിന്റെ സാധ്യതകളാരായുക, പദ്ധതി ആസൂത്രണം ചെയ്യുക, ചട്ടക്കൂടുണ്ടാക്കുക, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മെഷിനറികളും മെറ്റീരിയലുകളും ഒരുക്കുക, ഒടുവില്‍ നിര്‍മാണം തുടങ്ങുക. ഇങ്ങനെയാണല്ലോ ചെയ്യുന്നത്. ഇതൊന്നും അല്ലാഹുവിന്റെ സൃഷ്ടികര്‍മത്തിനാവശ്യമില്ല. അവന്‍ ഒരു കാര്യം ഉദ്ദേശിച്ചാല്‍ അതുണ്ടാവട്ടെ എന്നു കല്‍പിക്കുകയേ വേണ്ടൂ. അതുണ്ടായി കഴിഞ്ഞിരിക്കും. അല്ലാഹുവിന്റെ തീരുമാനം തന്നെയാണവന്റെ കല്‍പന. ഇത് മനസ്സിലാക്കാന്‍ മനുഷ്യന്റെ ശരീരചലനം നമ്മെ സഹായിക്കുന്നു. നാം വിരലൊന്നനക്കാനുദ്ദേശിച്ചാല്‍, ഇരിക്കുമ്പോള്‍ എഴുന്നേല്‍ക്കാനോ നില്‍ക്കുമ്പോള്‍ ഇരിക്കാനോ ഉദ്ദേശിച്ചാല്‍ അത് നടപ്പിലാകാന്‍ തയാറാക്കി ഒരുക്കങ്ങള്‍ നടത്തേണ്ടതില്ലല്ലോ. കൈ നീട്ടണമെന്ന് തോന്നേണ്ട താമസം അതുനീണ്ടിരിക്കും. നമ്മുടെ അവയവങ്ങള്‍ നമ്മുടെ നിയന്ത്രണത്തിന് അത്രമാത്രം വിധേയമാണ്. പ്രപഞ്ചമഖിലവും അതിലെ ഓരോ അണുവും അതിലേറെ വിധേയമാകുന്നു അല്ലാഹുവിന്റെ നിയന്ത്രണത്തിന്. أَمْرُ -ന് അനേകം അര്‍ഥങ്ങളുണ്ട്. إِنَّمَا أَمْرُهُ എന്നതിലെ امر കൊണ്ട്- شأنه (പ്രതാപം, പ്രഭാവം, അവസ്ഥ) ആണെന്ന് പണ്ഡിതന്മാര്‍ വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ പുനഃസൃഷ്ടി ശക്തിയെ നിഷേധിക്കുന്നവര്‍ക്കുള്ള മറുപടിയില്‍ ഈ അര്‍ഥകല്‍പനയാണ് കൂടുതല്‍ ഉചിതം. امر-ന്റെയും شأن-ന്റെയും അര്‍ഥങ്ങളുള്‍ക്കൊള്ളുന്ന പദം എന്ന നിലയിലാണ് ഇവിടെ 'കാര്യം' എന്ന് തര്‍ജമ ചെയ്തിരിക്കുന്നത്. ●

فَسُبْحَٰنَ ٱلَّذِى بِيَدِهِۦ مَلَكُوتُ كُلِّ شَىْءٍ وَإِلَيْهِ تُرْجَعُونَ ﴿٨٣﴾

83. ആകയാല്‍, സകല സംഗതികളുടെയും സര്‍വാധികാരം ആരുടെ ഹസ്തത്തിലാണോ അവന്‍ പരമ പരിശുദ്ധനത്രെ. നിങ്ങളൊക്കെയും അവങ്കലേക്കുതന്നെ തിരിച്ചയക്കപ്പെടുന്നതാകുന്നു.

**83**

فَسُبْحَانَ= ആകയാല്‍ പരമ പരിശുദ്ധനത്രെ الَّذِي بِيَدِهِ= ആരുടെ ഹസ്തത്തിലാണോ
مَلَكُوتُ كُلِّ شَيْءٍ= സകല വസ്തുക്ക(സംഗതിക)ളുടെയും സര്‍വാധികാരം
وَإِلَيْهِ= അവങ്കലേക്കു തന്നെ تُرْجَعُونَ = നിങ്ങള്‍ തിരിച്ചയക്കപ്പെടുന്നതാകുന്നു

സൂറയുടെ സമാപന സൂക്തത്തിന്റെ തുടക്കത്തിലുള്ള فاء-ന് വിശാലമായ അര്‍ഥധ്വനികളുണ്ട്. അതിങ്ങനെ സംഗ്രഹിക്കാം: അല്ലാഹുവിന്റെ മഹത്വത്തെയും സര്‍വശക്തിയെയും ഏകത്വത്തെയും, മരണാനന്തരം അവന്‍ നിങ്ങളെ ഉയിര്‍ത്തെഴുന്നേല്‍പിക്കുന്നതിനെയും സാക്ഷ്യപ്പെടുത്തുന്നതായി ഇതുവരെ കേട്ട തെളിവുകളും ന്യായങ്ങളും ഗ്രഹിച്ചുവെങ്കില്‍, അവന്റെ സര്‍വ സല്‍ഗുണ സമ്പൂര്‍ണതയെ ഹനിക്കുന്ന തരത്തില്‍ അവിശ്വാസികള്‍ ഉയര്‍ത്തുന്ന വാദങ്ങളില്‍ നിന്നെല്ലാം അവന്‍ പരമ പരിശുദ്ധനാകുന്നു എന്നാണതിന്റെ അനിവാര്യ താല്‍പര്യം.

അവന്റെ ഹസ്തത്തിലാണ് പ്രപഞ്ചത്തിന്റെ സര്‍വാധികാരങ്ങളും. مِلْك (അധികാരം, ഉടമസ്ഥത)-ന്റെ مبالغة ആണ് مَلَكُوتُ. പദങ്ങളെ ഈ രൂപത്തില്‍ مبالغة യാക്കുന്നത് ഭാഷയില്‍ അപൂര്‍വമാണ്. അത്തരം അപൂര്‍വ പ്രയോഗങ്ങളാണ് رَهَبُوت-ഉം رحموت-ഉം. പ്രസിദ്ധമായ ഒരു ചൊല്ലുണ്ട്- رهبوت خير من رحموت . ആളുകള്‍ നിങ്ങളോട് ദയ കാട്ടാന്‍ മാത്രം ദുര്‍ബലനാകുന്നതിനേക്കാള്‍ ഉത്തമം അവരെ ഭീതിദരാക്കാന്‍ മാത്രം പ്രബലരാവുകയാണെന്ന് സാരം. സകലവിധ ന്യൂനതകളില്‍നിന്നും പരമ പരിശുദ്ധനും പ്രപഞ്ചത്തിന്റെ ഏകനായ ഉടമയും പരമാധികാരിയുമായ അല്ലാഹു ഈ പ്രപഞ്ചത്തെ ഒരു പാഴ് വേലയായി സൃഷ്ടിച്ചതല്ല. എല്ലാറ്റിനും കൃത്യമായ ലക്ഷ്യമുണ്ട്. ആ ലക്ഷ്യം പൂര്‍ത്തീകരിക്കുകയാണ് സൃഷ്ടിധര്‍മം. സൃഷ്ടികള്‍ അവരുടെ ജന്മലക്ഷ്യം പൂര്‍ത്തീകരിച്ചുവോ എന്നു പരിശോധിക്കപ്പെടുന്ന ഒരവസരമുണ്ട്; വിചാരണാ നാള്‍. അവന്‍ സൃഷ്ടിച്ചവരൊക്കെയും അതിനു വേണ്ടി അന്നാളില്‍ ഉയിര്‍ത്തെഴുന്നേല്‍പിക്കപ്പെടും. എല്ലാവരുടെയും എല്ലാ നീക്കങ്ങളും അവന്‍ രേഖപ്പെടുത്തുന്നുണ്ട്. ആരുടെയും വാക്കോ വിചാരമോ ഒന്നും അവന്റെ അറിവില്‍ പെടാതെ പോകുന്നില്ല. എല്ലാവരുടെയും നന്മതിന്മകള്‍ അവന്റെ മുന്നില്‍ നിസ്സന്ദേഹം തെളിയിക്കപ്പെടുന്നു. എല്ലാവര്‍ക്കും അവന്‍ നീക്കുപോക്കില്ലാത്ത സമ്പൂര്‍ണ നീതി വിധിക്കുകയും ചെയ്യും. ഇതാണ് وَإِلَيْهِ تُرْجَعُونَ എന്ന അന്തിമ വാക്യത്തിന്റെ ആശയം.

അല്‍ഹംദു ലില്ലാഹ്- അല്ലാഹുവിന്റെ അനുഗ്രഹത്താലും സഹായത്താലും സൂറ *യാസീന്റെ* ബോധനം ഇവിടെ അവസാനിക്കുന്നു. ●

الحمد لله الّذي وفقني لإتمام تنوير سورة يس